(സി) സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന കുട്ടികൾക്ക് മതിയായ രേഖകളില്ലാത്തപക്ഷം ചൈൽഡ് ലൈനും പോലീസും ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചൈൽഡ് വെൽഫയർ കമ്മിറ്റി തീർപ്പ് കൽപ്പിക്കുന്ന പ്രകാരം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

വനിതാ ഹോസ്റ്റലുകളുടെ പ്രവർത്തനം

167 (2800) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എത്ര വനിതാ ഹോസ്റ്റലുകളുണ്ട് ; ഏതെല്ലാം ; പ്രസ്തുത ഹോസ്റ്റലുകൾക്ക് 2011-12 സാമ്പത്തിക വർഷം മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ ഗ്രാന്റ് നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഗ്രാന്റ് തുക എത്രയാണ് ;

(ബി) ഈ കാലയളവിൽ ഗ്രാന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്ര ; ചെലവഴിച്ചത് എത്ര ;

(സി) സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ ; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഷോർട്ട് സ്റ്റേകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ എന്നിവയ്ക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) വനിതാ ഹോസ്റ്റലുകളിലെ പ്രശ്നങ്ങളെക്കുറിച്ച് വന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ

168 (2801) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം കുറച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly